പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 382 10.06.2014-ൽ മറുപടിയ്ക്ക്

# സംസ്ഥാനങ്ങളുടെ വൈദ്യുതി കരാർ ലംഘനം

ചോദ്യം

ശ്രീ. ഇ. പി. ജയരാജൻ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) കേരളം ഏതെല്ലാം സംസ്ഥാനങ്ങളുമായാണ് വൈദ്യുതി വാങ്ങാനുള്ള കരാറിൽ ഏർപ്പെട്ടിട്ടുള്ളത് ;

(ബി) കരാർ പ്രകാരം പ്രസ്തുത സംസ്ഥാനങ്ങളിൽ ഓരോന്നിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലഭ്യമാകേണ്ടത് ;

(എ) & (ബി) നിലവിൽ കേരളത്തിലേക്ക് മറ്റ് സംസ്ഥാനങ്ങളിലെ ഉൽപ്പാദകരിൽ നിന്ന് വൈദ്യുതി എത്തിക്കുന്നതിനുള്ള കരാറുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| No. | From | To | Supplier/ Trader | Generator | Quantum (MW) |
|---|---|---|---|---|---|
| 1 | 01.01. 2014 | 31.12.2038 | MPPL | Maithon Rt Bank TPP (MPPL) | 140.5 |
| 2 | 01.05. 2014 | 30.04.2039 | DVC | Mejia TPS | 100 |
| 3 | 01.05. 2014 | 30.04.2039 | DVC | Raghunathpur TPS | 150 |
| 4 | 01.03. 2014 | 28.02.2017 | PTC India Ltd | BALCO (Case 1) | 100 |
| 5 | 01.03. 2014 | 28.02.2017 | NVVN Ltd | CSPDCL (Case1) | 300 |
| 6 | 01.11. 2014 | 31.10.2014 | Jindal | Jindal Power Ltd., Chatisgarh | 150 |
| 7 | 01.11. 2013 | 31.10.2014 | Sterlite Energy | Sterlite Energy Ltd. | 200 |
| 8 | 01.11. 2013 | 31.10.2014 | PTC India Ltd | CSPDCL | 250 |
| 9 | 01.07. 2013 | 30.11.2014 | PTC India Ltd | GRIDCO | 200 |
| 10 | 01.06. 2014 | 31.05.2015 | UPCIL | UPTS, Uduppi | 18.5 |
| 11 | 01.06. 2014 | 31.05.2015 | PTC India Ltd | Simhapuri Energy Ltd (SEL) | 130 |
| 12 | 01.06. 2014 | 31.05.2015 | JSWPTC | JSW Plant in Karnataka | 200 |
| 13 | 01.02. 2015 | 31.05.2015 | TPCIL | TPCIL Plant, AP | 175 |
| 14 | 01.06. 2015 | 31.05.2016 | PTC India Ltd | Simhapuri Energy Ltd (SEL) | 100 |
| 15 | 01.06. 2015 | 31.05.2016 | PTC India Ltd | Simhapuri Energy Ltd (SEL) | 200 |

(സി) കരാർ പ്രകാരം നൽകാമെന്നു സമ്മതിച്ചിട്ടുള്ള വൈദ്യുതി എല്ലാ സംസ്ഥാനങ്ങളിൽ നിന്നും ലഭ്യമാകുന്നുണ്ടോ ;

(സി) (ഡി) (ഇ) & (എഫ്) നിലവിൽ എല്ലാ സംസ്ഥാനങ്ങളും, കരാറുകാരും കരാർപ്രകാരമുള്ള വൈദ്യുതി കേരളത്തിലേക്ക് എത്തിക്കുന്നതിന് സഹകരിക്കുന്നുണ്ട്. എന്നാൽ 26.03.2014-ൽ, കർണാടക സർക്കാർ ഇലക്ട്രിസിറ്റി ആക്ട് 2003-ലെ 11- ാം വകുപ്പ് പ്രകാരം ആ സംസ്ഥാനത്തെ ഉൽപ്പാദന നിലയങ്ങളിൽ നിന്നുള്ള

(ഡി) ഏതു സംസ്ഥാനമാണ് കരാർ ലംഘനം നടത്തിയിട്ടുള്ളത്;

(ഇ) കരാർ ലംഘനം നടത്തിയ സംസ്ഥാനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) നിയമനടപടികളിലൂടെ സംസ്ഥാനത്തിന് അനുകൂലമായി നേടിയ വിധി നടപ്പിലാക്കുവാൻ എന്തു നടപടികളാണു സ്വീകരിച്ചിട്ടുള്ളത് ?

വൈദ്യുതി പൂർണ്ണമായും കർണാടക സംസ്ഥാനത്തിന്റെ ആഭ്യന്തരഉപഭോഗം നിർവ്വഹിക്കുന്നതിനായി നൽകണം എന്നനിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ ഇതിനെതിരെ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്ഹൈക്കോടതിയെ സമീപിക്കുകയും കോടതി പ്രസ്തുത ഗവൺമെന്റ് ഓർഡർ നടപ്പാക്കുന്നതി നെതിരെ താൽക്കാലിക നിരോധന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പിന്നീട് കർണ്ണാടക സർക്കാർ 28.04.2014-ൽ ആഭ്യന്തര ഉൽപ്പാദകർക്ക് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണം പിൻവലിക്കുകയുണ്ടായി. കർണാടക സംസ്ഥാനത്തിലെ ശ്രീ. ചാമുണ്ടേശ്വരി ഷുഗർ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും കേരളത്തിലേക്ക് 17.3 MW എത്തിക്കാനായി Mittal Prescessess Limited എന്ന സ്ഥാപനം കരാറിൽ ഏർപ്പെട്ടിരുന്നു എങ്കിലും കരാർ കാലയളവിൽ വാഗ്ദാനം ചെയ്ത വൈദ്യുതി പൂർണ്ണമായും നൽകുന്നതിന് കരാറുകാരന് സാധിച്ചില്ല. ഇതേത്തുടർന്ന് കരാർ പ്രകാരമുള്ള നഷ്ടപരിഹാരം കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.